ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടും പതിനൊന്നാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് 'അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ', 'ഐ.ടി.ഐ.കളുടെ നവീകരണം', 'സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയ കമ്മിറ്റിയുടെ ചർച്ചയുടെ സംക്ഷേപം എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

4. 2015 കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും വിഷയനിർണ്ണയ സമിതി VIII-ന്റെ ആനുകാലിക റിപ്പോർട്ടും ട്രഷറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VIII-ന്റെ ചെയർമാനായ ഞാൻ 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ട്രഷറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

5. വിഷയനിർണ്ണയ സമിതി IX-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

6. വിഷയ നിർണ്ണയ സമിതി XI -ന്റെ പീരിയോഡിക്കൽ റിപ്പോർട്ടും 2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI-ന്റെ 1-4-2014 മുതൽ 31-03-2015 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly